(ഡി) 7-7-2010-ൽ നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ ഒരു പാസഞ്ചർ ട്രെയിനിന്റെ ബ്രേക്ക് സിസ്റ്റം മുറിച്ച് തകരാറിലാക്കിയതുമായി ബന്ധപ്പെട്ട കേസും 8-7-2010-ൽ മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ വെച്ച് വഞ്ചിനാട് എക്സ്പ്രസ് ട്രെയിനിൽ സ്ഫോടക വസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട കേസും 9-7-2010-ൽ കണ്ണൂർ ജില്ലയിൽ ഒരു ബസിൽ സ്ഫോടക വസ്തുക്കൾ കണ്ടെടുത്തതുമായി ബന്ധപ്പെട്ട കേസും എൻ.ഐ.എ. ഏറ്റെടുക്കുന്നതിന് 27-7-2010-ലെ സർക്കാർ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രൊഫസർ ടി. ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവവുമായി ബന്ധപ്പെട്ട കേസും എൻ.ഐ.എ. ഏറ്റെടുക്കുന്നതിനായി 3-9-2010-ലെ സർക്കാർ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പുതുതായി കേസുകളൊന്നും തന്നെ കേന്ദ്ര ഏജൻസിയുടെ അന്വേഷണം ആവശ്യപ്പെടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

സോഫ്ട് ടെററിസം

3 (273) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഫോടകസ്വഭാവമില്ലാത്ത "സോഫ്ട് ടെററിസം" സംസ്ഥാനത്ത് ആഴത്തിൽ വേരോടിയിട്ടുള്ളതായി ദേശീയ അന്വേഷണ ഏജൻസിയായ എൻ. ഐ.എ. കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് എന്തെങ്കിലും വിവരം ലഭ്യമാക്കുകയോ ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം നടത്തുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പിൻകീഴിൽ പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇല്ല

(സി) സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനും ഒരു പുതിയ സംവിധാനം 'ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗം' സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ട്. എഡിജിപി. (ക്രൈംസ്)-ന്റെ കീഴിൽ ക്രൈം ബ്രാഞ്ച് വിഭാഗത്തിലാണ് പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത്. എഡി.ജി.പി. (ഇന്റലിജൻസ്) ആവശ്യമായ വിവരങ്ങൾ നൽകി പ്രസ്തുത വിഭാഗത്തെ സഹായിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഒരു. എസ്.പി.-യും രണ്ട് വീതം ഡിവൈ.എസ്.പി., സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ, ഹെഡ് കോൺസ്റ്റബിൾമാരും പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly